# പരിസ്ഥിതി: ഖുർആനികസമീപനം

കെ. യാസീൻ അശ്റഫ്

പരിസ്ഥിതിക്ക് മതങ്ങൾ മഹത്തായ സ്ഥാനം നൽകിയിട്ടുണ്ട്. പരിസ്ഥിതിയെ തകർക്കുന്നത് കുറ്റവും പാപവുമായി എല്ലാ മതങ്ങളും പരിഗണിക്കുന്നു. ഇസ്‌ലാമാകട്ടെ പരിസ്ഥിതിശാസ്ത്രത്തെ സുഭദ്രവും പ്രായോഗികവുമായ ഒരു ദർശനത്തിന്റെ ചട്ടക്കൂട്ടിൽ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. മനുഷ്യനും ജൈവലോകവും ഇതര പ്രകൃതിവസ്തുക്കളും തമ്മിൽ നിലനിൽക്കുന്ന സന്തുലിതബന്ധത്തെ അത് ചൂണ്ടിക്കാട്ടുന്നു. മനുഷ്യന്റെ അധാർമികമായ ഇടപെടൽ അതിനെ ദുഷിപ്പിക്കുമെന്ന് സൂചിപ്പിക്കുന്നു. ദൈവികസംവിധാനത്തിന്റെ ഭാഗമെന്ന നിലയ്ക്ക് പരിസ്ഥിതിയുടെ പുണ്യഭാവത്തെ എടുത്തുകാട്ടുമ്പോഴും പ്രകൃതിയിൽ ദൈവികത്വം ആരോപിക്കുന്നതിനെ ഇസ്‌ലാം നിരാകരിക്കുന്നു. ഖുർആൻ അടിസ്ഥാനപരമായി പരിസ്ഥിതിശാസ്ത്രഗ്രന്ഥമല്ലെങ്കിലും അതിലെ പരിസ്ഥിതിസംബന്ധമായ പരാമർശങ്ങളിൽ അയുക്തികമോ ശാസ്ത്രവിരുദ്ധമോ ആയയാതൊന്നുമില്ല. ആത്മീയമൂല്യങ്ങളുടെ അടിസ്ഥാനത്തിൽ ഭൗതിക പരിസ്ഥിതിയെ അടക്കം കാണുന്നതാണ് അതിന്റെ രീതി. ആത്മീയതയ്ക്കു പകരം പാശ്ചാത്യഭൗതികത ആധിപത്യം നേടിയ വ്യവസായവത്കൃത നാഗരികതയിലാണ് പരിസ്ഥിതിദൂഷണം ഗണ്യമായിത്തുടങ്ങിയതെന്നത് യാദൃച്ഛികമല്ല. ഒരൊറ്റ നൂറ്റാണ്ടു കൊണ്ട് പരിസ്ഥിതിയോടുള്ള ഭൗതികസമീപനം അതിനെ നാശോന്മുഖമാക്കി.

സർവതലസ്പർശിയായ ഒരു ജീവിതദർശനത്തിന്റെയും പ്രപഞ്ചവീക്ഷണത്തിന്റെയും ഭാഗമാണ് ഖുർആനെ സംബന്ധിച്ചേടത്തോളം പരിസ്ഥിതിശാസ്ത്രം. പ്രകൃതിയെ സന്തുലിതത്വത്തോടെ സൃഷ്ടിച്ചുവെന്ന് ഖുർആൻ പറയുന്നു. പ്രകൃതിയിലെ എല്ലാ വ്യവസ്ഥിതികളും ഈ സമഗ്രസന്തുലിതത്വത്തോട് തികഞ്ഞ ചേർച്ചയോടെ നിലനിൽക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു:

"...... ആകാശത്തിന്റെ മേൽപ്പുര നന്നായി ഉയർത്തി, സന്തുലിതമായി സ്ഥാപിച്ചു. അതിന്റെ രാവിനെ മൂടി, പകലിനെ വെളിപ്പെടുത്തി. അനന്തരം ഭൂമിയെ പരത്തി. അതിൽ ജലവും സസ്യങ്ങളുമുണ്ടാക്കി. പർവതങ്ങളെ ഉറപ്പിച്ചു. നിങ്ങൾക്കും നിങ്ങളുടെ മൃഗങ്ങൾക്കുമുള്ള ജീവിതവിഭവമായിട്ടത്രെ ഇതൊക്കെയും" (79:27-33). "ഭുവനത്തിലുള്ളതെല്ലാം നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചത് അല്ലാഹുവാകുന്നു. എന്നിട്ടവൻ ഉപരിവാനത്തേക്ക് തിരിഞ്ഞ്, അതിനെ ഏഴാകാശങ്ങളായി സംവിധാനിച്ചു" (2:29). "..... ഭൂമിയിൽ സകലവിധ സസ്യങ്ങളെയും കൃത്യമായ അളവിൽ മുളപ്പിച്ചു....." (15:19).

ധാർമികപരിസ്ഥിതിയിലെ കാര്യകാരണബന്ധം ഭൗതികപരിസ്ഥിതിയിലും ഉണ്ട്. നന്മ ചെയ്താൽ പ്രതിഫലവും തിന്മ ചെയ്താൽ ശിക്ഷയുമുള്ളതുപോലെ പ്രകൃതിയിലെ സന്തുലനം തകിടംമറിച്ചാൽ ദോഷകരമായ ഫലങ്ങളുണ്ടാകും. ആർത്തിപൂണ്ട പ്രവൃത്തികളിലൂടെ മനുഷ്യൻ ചെയ്തുകൂട്ടുന്ന അരുതായ്മകളാണ് പ്രകൃതിസന്തുലനം തകർത്ത് പരിസ്ഥിതിപ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. എങ്ങനെയും ലാഭമുണ്ടാക്കി കുന്നുകൂട്ടാനുള്ള ലക്ഷ്യത്തോടെ വൻകിടവ്യവസായങ്ങൾ സൃഷ്ടിക്കുന്ന പ്രകൃതിദൂഷണം കാലാവസ്ഥയെ തകിടംമറിക്കുന്നു.

**പരിസ്ഥിതിവിഭവങ്ങൾ വ്യവസ്ഥാപിതമായും ആസൂത്രിതമായും സംരക്ഷിക്കുന്നതിന്റെ പ്രാധാന്യത്തിലേക്ക് പലപ്പോഴായി ഖുർആൻ ശ്രദ്ധക്ഷണിച്ചതായി കാണാം. പരിസ്ഥിതിക്കു മേൽ മനുഷ്യൻ നടത്തുന്ന കൈയേറ്റത്തെ ഖുർആൻ ശക്തമായി അധിക്ഷേപിക്കുകയും ചെയ്യുന്നു**



cmyk



ആഗോളതാപനം ഇന്ന് ഭൂമിയുടെ രോഗാവസ്ഥ സൂചിപ്പിക്കുന്നു. ഗ്രീൻഹൗസ് വാതകങ്ങൾ ഓസോൺ പാളി എന്ന അന്തരീക്ഷ രക്ഷാകവചത്തിൽ ഉണ്ടാക്കിയ വിള്ളലുകൾ ഈ 'പനി'യുടെ കാരണമത്രെ. വരുന്ന പതിറ്റാണ്ടുകളിൽ ഇതു കാരണം സമുദ്രനിരപ്പ് ഉയരുമെന്നാണ് ശാസ്ത്രജ്ഞർ പറയുന്നത്. 'തുവാലു' പോലുള്ള ദ്വീപുകൾ കടലിൽ മുങ്ങും. അവിടങ്ങളിലെ ജനങ്ങൾ ഒഴിഞ്ഞുപോകേണ്ടിവരും. ഓരോ വർഷവും അര ലക്ഷം വീതം ജീവി-സസ്യവർഗങ്ങൾ കുറ്റിയറ്റു പോകുന്നു. ഓരോ ദിവസവും 2,14,000 ഏക്കർ വീതം മഴക്കാട് ഇല്ലാതാകുന്നു. പരിസ്ഥിതി വിനാശത്തിന്റെ ചെറിയ സൂചികമാത്രമാണിത്.

## വൈവിധ്യം, സന്തുലനം

സസ്യ-ജന്തുജീവജാലങ്ങളടങ്ങുന്ന ജൈവമണ്ഡലവും (ബയോസ്ഫിയർ)അവയെ നിലനിർത്തുന്ന ഭൗതികസാഹചര്യങ്ങളും ഇവയെ മുഴുവൻ കണ്ണിചേർക്കുന്ന പരസ്പരാശ്രിതത്വവും ചേർന്നതാണ് പരിസ്ഥിതി. വായു, ജലം, മണ്ണ്, താപനില, പ്രകാശം, മഴ, കാറ്റ്, സൗരവികിരണം തുടങ്ങിയവയെല്ലാം മനുഷ്യനടക്കമുള്ള ജീവികളെ നേരിട്ടുബാധിക്കുന്നു. അന്യോന്യം ആശ്രയിക്കുന്ന സന്തുലിതമായ ഒരു ആവാസവ്യവസ്ഥയായിട്ടാണ് ഭൂമിയെ അല്ലാഹു സൃഷ്ടിച്ചത് എന്ന് ഖുർആൻ പലകുറി എടുത്തുപറഞ്ഞതായി കാണാം.

'ബയോസ്ഫിയർ' എന്ന ജൈവമണ്ഡലം പരിസ്ഥിതിസമൂഹത്തിലെ പല മേഖലകളെയും ആശ്രയിക്കുന്നു. അവയിൽ അന്തരീക്ഷമണ്ഡലം (അറ്റ്മോസ്ഫിയർ), ജലമണ്ഡലം (ഹൈഡ്രോസ്ഫിയർ), മണ്ണും പാറയും മറ്റുമടങ്ങുന്ന മണ്ഡലം (ലിത്തോസ്ഫിയർ) മുതലായവപെടുന്നു. ഇവയ്ക്കിടയിലെ പരസ്പരാശ്രിതത്വത്തെ നിയന്ത്രിക്കുന്ന നിയമങ്ങളാണ് തെർമോഡൈനാമിക്സ് സിദ്ധാന്തം, ഊർജമൊഴുക്ക്, ഓട്ടോട്രോഫി, ഭക്ഷ്യശൃംഖല, ജലചംക്രമണം, രാസചക്രങ്ങൾ തുടങ്ങിയവ.

പരിസ്ഥിതി മനുഷ്യരാശിയുടെ പൊതുസ്വത്താണ്. ഒരു ന്യൂനപക്ഷത്തിന്റെ പോലും ആർത്തി അതിനെ നശിപ്പിക്കും. ഇസ്ലാമികസംസ്കാരത്തിന്റെ പ്രതാപകാലത്ത് കരയിലും ജലത്തിലും മറ്റുമായി ഒട്ടുവളരെ സംരക്ഷിതമേഖലകളുമുണ്ടായിരുന്നു. (പുല്ലുമേയാൻ കാലികളെ അനുവദിക്കരുതാത്ത പ്രദേശങ്ങൾ, മരം മുറിക്കൽ വിലക്കിയ വനപ്രദേശങ്ങൾ, ചില കാലങ്ങളിൽ മാത്രം പുല്ലു മേയാൻ അനുവാദമുള്ള ഇടങ്ങൾ, തേനീച്ചകൾക്ക് തേൻ ശേഖരിക്കാൻ പാകത്തിൽ സംരക്ഷിക്കപ്പെട്ട സ്ഥലങ്ങൾ, സമൂഹത്തിന്റെ പൊതുസ്വത്തായി നിലനിർത്തേണ്ട മറ്റു സ്ഥലങ്ങൾ തുടങ്ങിയവയായിരുന്നു ഈ സംരക്ഷിത മേഖലകൾ അഥവാ 'ഹിമ'). മിതത്വവും സന്തുലനവും പാലിക്കണമെന്ന് ഖുർആൻ അനുശാസിക്കുന്നു (ഉദാ: 55:5-13, 15:19-21), പരിസ്ഥിതിസംരക്ഷണത്തിന് ആഹ്വാനം നൽകുന്നു (6:165, 10:14, 35:39), മലിനീകരണവും ധൂർത്തും വിലക്കുന്നു (7:31, 21:9, 26:151, 17:26,27), 'ഭൂമിയിൽ അക്രമം' അരുതെന്ന് പറയുന്നു (27:11, 7:56, 85, 30:41).

അല്ലാഹു പ്രപഞ്ചവും അതിലെ ജീവജാലങ്ങളും വസ്തുക്കളും നിയമങ്ങളും സൃഷ്ടിച്ചത് തികഞ്ഞ സന്തുലിതത്വത്തോടെയാണ്, "....ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചുവച്ചത് അവനാകുന്നു. എന്നിട്ടവൻ ഉപരിലോകത്തേക്ക് തിരിയുകയും അതിനെ ഏഴാകാശങ്ങളായി ചിട്ടപ്പെടുത്തുകയും ചെയ്തു" (2:29). ചിട്ട, ക്രമപ്പെടുത്തൽ, സംവിധാനം, വ്യവസ്ഥ തുടങ്ങിയ പ്രയോഗങ്ങൾ പരിസ്ഥിതിയും പ്രകൃതിയും സംബന്ധിച്ച ഖുർആന്റെ പരാമർശങ്ങളോട് ബന്ധപ്പെട്ടവയാണ്. അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തിന്റെ തെളിവുകളാണ് ഈ ചിട്ടയും സന്തുലനവും. ഈ വ്യവസ്ഥ തകിടംമറിച്ചാൽ അത് പരിസ്ഥിതിപ്രശ്നങ്ങൾ സൃഷ്ടിക്കും.

**ദൈവം എപ്രകാരമാണോ ലോകത്തെ നിലനിർത്തുകയും പരിപാലിക്കുകയും ചെയ്യുന്നത്, അതേപോലെ അവന്റെ പ്രതിനിധിയും പ്രകൃതിപരിസരമെന്ന സൂക്ഷിപ്പുമുതൽ കൈകാര്യം ചെയ്യേണ്ടതുണ്ട്**

പ്രകൃതിയുടെയും പരിസ്ഥിതിയുടെയും പ്രാധാന്യം ഖുർആൻ വിവിധ സന്ദർഭങ്ങളിൽ എടുത്തുപറഞ്ഞതായി കാണാം. പ്രകൃതിയെക്കുറിച്ചും അതിന്റെ ആസൂത്രണത്തെക്കുറിച്ചും നിഗൂഢതകളെക്കുറിച്ചും ചിന്തിക്കാൻ മനുഷ്യനെ അത് ക്ഷണിക്കുന്നു. ഖുർആനിൽ കൽപനകളുടെ എണ്ണത്തേക്കാൾ കൂടുതലാണ് പ്രകൃതിവർണനകൾ. പരിസ്ഥിതിസംബന്ധമായ പരാമർശങ്ങളും അക്കൂട്ടത്തിൽപെടും. ജന്മവാസനയെക്കുറിച്ചും ആവാസവ്യവസ്ഥയെക്കുറിച്ചും പരാമർശങ്ങളുണ്ട് (16:68).

ഖുർആനിലെ *അർദ്* എന്ന പദം ഇന്ന് നാം പറയാറുള്ള ജൈവമണ്ഡലത്തെ (ബയോസ്ഫിയർ)യാണ് സൂചിപ്പിക്കുന്നതെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ജീവിസമൂഹങ്ങളെക്കുറിച്ച് ഖുർആൻ പറയുന്നത് ഇങ്ങനെയാണ്: "അവർ പറയുന്നു: ഈ പ്രവാചകന് അദ്ദേഹത്തിന്റെ റബ്ബിങ്കൽനിന്ന് ഒരു ദൃഷ്ടാന്തവും അവതരിക്കാത്തതെന്ത്? പറയുക: ദൃഷ്ടാന്തമവതരിപ്പിക്കാൻ തികച്ചും കഴിവുള്ളവനാകുന്നു അല്ലാഹു. പക്ഷേ, അവരിലധികമാളുകളും അജ്ഞതയിലകപ്പെട്ടിരിക്കുന്നു. ഭൂമിയിൽ നടക്കുന്ന ഏതു മൃഗത്തെയും വായുവിൽ പറക്കുന്ന ഏതു പറവയെയും നോക്കുവിൻ. അവയൊക്കെയും നിങ്ങളെപ്പോലുള്ള വർഗങ്ങൾതന്നെയാകുന്നു" (6:37,38).

"ഇവർ ഭൂമിയിലേക്കു നോക്കിയിട്ടില്ലയോ, എത്ര പെരുത്ത അളവിലാണ് നാം അതിൽ സകലയിനം മെച്ചപ്പെട്ട സസ്യങ്ങളെയും മുളപ്പി



cmyk

ച്ചിട്ടുള്ളത്" (26:7). "ഭൂമിയെ നാം ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും ഒന്നിച്ചുൾക്കൊള്ളുന്നതാക്കിയില്ലയോ? അതിൽ ഉത്തുംഗമായ പർവതങ്ങളുറപ്പിക്കുകയും നിങ്ങളെ തെളിനീർ കുടിപ്പിക്കുകയും ചെയ്യുന്നില്ലയോ?" (77:27).

"അവനാകുന്നു ഭൂമിയെ നിങ്ങൾക്ക് വശപ്പെടുത്തിത്തന്നത്. അതിന്റെ മാറിലൂടെ നിങ്ങൾ നടന്നുകൊള്ളുവിൻ. ദൈവദത്തമായ വിഭവങ്ങൾ ആസ്വദിച്ചുകൊള്ളുവിൻ" (67:15).

പരിസ്ഥിതിവ്യവസ്ഥയുടെയും സന്തുലനത്തിന്റെയും സാരാംശം ഖുർആൻ ചുരുക്കി വർണിക്കുന്നതിങ്ങനെ: "ഭൂമിയെ നാം വിശാലമാക്കുകയും അതിൽ പർവതങ്ങളുറപ്പിക്കുകയും ചെയ്തു. അതിൽ സകലവിധം സസ്യങ്ങളെയും കൃത്യമായ പരിമാണത്തിൽ മുളപ്പിക്കുകയും ചെയ്തിട്ടുണ്ട്" (15:19).

ഭൂമിയിലുള്ള സകലതും കൃത്യമായ അളവിലും സന്തുലിതത്വത്തിലുമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ധാതുലോകം സസ്യലോകത്തെ താങ്ങിനിർത്തുന്നു; സസ്യലോകം ജന്തുലോകത്തെയും. ഇവയെല്ലാം തമ്മിൽ പരസ്പരാശ്രിതത്വത്തിന്റെ ശക്തമായ ചങ്ങലയുണ്ട്. ദുർമേദസ്സ് ശുദ്ധീകരിക്കപ്പെടുന്നു- ഒന്ന് ചീഞ്ഞാൽ മറ്റൊന്നിന് വളമാകുന്നു. ഒരു കൂട്ടർ കാർബൺ ഡയോക്സൈഡ് പുറത്തുവിടുമ്പോൾ മറ്റൊരു കൂട്ടർ ഓക്സിജൻ പുറത്തുവിടുന്നു. രണ്ടും പരസ്പരം നിലനിർത്തുന്നു. ജലചാക്രികതയും ഭക്ഷ്യശൃംഖലയും ഈ വ്യവസ്ഥിതിയുടെ ഭാഗമാണ്. എന്തിന്, പൊതുവെ എല്ലാ വസ്തുക്കളും തണുക്കുമ്പോൾ സങ്കോചിക്കുകയും ചൂടുപിടിക്കുമ്പോൾ വികസിക്കുകയും ചെയ്യുന്നു, വെള്ളമൊഴികെ. അത് ഐസ് കട്ടയാകുമ്പോൾ വികസിക്കുന്നു. അക്കാരണത്താൽ കടലിലും പുഴകളിലും ജലം തണുത്തുറയുമ്പോൾ ഐസ്ഭാഗം മുകളിൽ നിൽക്കുന്നു. തണുപ്പ് താഴേക്ക് ചെല്ലാതെ ജലജീവികളെ സംരക്ഷിക്കാൻ ഇത് സഹായിക്കുന്നു.

ജൈവവൈവിധ്യത്തെ (സസ്യവൈവിധ്യത്തെ) സൂചിപ്പിച്ചുകൊണ്ട് ഖുർആൻ പറയുന്നു: "വിണ്ണിൽനിന്ന് ജലം വർഷിപ്പിക്കുന്നതും അവൻതന്നെയാകുന്നു. അങ്ങനെ അതുവഴി സകല സസ്യവർഗങ്ങളെയും നാം മുളപ്പിച്ചു. എന്നിട്ടതിൽനിന്ന് ഹരിതാഭമായ വയലുകളും വൃക്ഷങ്ങളും വളർത്തി. അനന്തരം നാം അതിൽ ധാന്യമണികൾ ഇടതിങ്ങിയ കതിരുകൾ ഉൽപാദിപ്പിച്ചു. ഈത്തപ്പനയുടെ കൊതുമ്പിൽ ഭാരത്താൽ തൂങ്ങിക്കിടക്കുന്ന പഴക്കുലകൾ ഉൽപാദിപ്പിച്ചു. സദൃശങ്ങളും എന്നാൽ ഓരോന്നിനും വ്യതിരിക്തമായ സവിശേഷതകളുള്ളതുമായ ഫലങ്ങളുണ്ടാക്കുന്ന, മുന്തിരിയുടെയും ഒലിവിന്റെയും ഉറുമാനിന്റെയും തോട്ടങ്ങളുണ്ടാക്കി...." (6:99). മറ്റൊരിടത്ത്: "നോക്കുക: ഭൂമിയിൽ വെവ്വേറെ ഖണ്ഡങ്ങളുണ്ട്. അവ പരസ്പരം ചേർന്നു ചേർന്ന് സ്ഥിതിചെയ്യുന്നു. മുന്തിരിത്തോപ്പുകളുണ്ട്, വയലുകളുമുണ്ട്. ഒറ്റയായും കൂട്ടമായും വളരുന്ന കാരക്കവൃക്ഷങ്ങളുണ്ട്. എല്ലാറ്റിനും ഒരേ ജലമാകുന്നു സേചനം ചെയ്യുന്നത്. എന്നാൽ രുചിയിൽ നാം ചിലതിനെ ഏറെ വിശിഷ്ടമാക്കുന്നു. ചിലതിന് രുചി കുറക്കുകയും ചെയ്യുന്നു. ബുദ്ധി ഉപയോഗപ്പെടുത്തുന്നവർക്ക് ഈ വസ്തുക്കളിലെല്ലാം ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്" (13:4).

അറേബ്യയിലെ ഗോത്രങ്ങൾ പരസ്പരവൈരം തീർക്കാൻ എതിർഗോത്രക്കാരുടെ ഈത്തപ്പനകൾ വെട്ടിനശിപ്പിക്കാറുണ്ടായിരുന്നു. എന്നാൽ, ഇത് ഭൂമിയോടു തന്നെ ചെയ്യുന്ന പാപമായി (*ഫസാദുൻ ഫിൽ അർദ്*) ഖുർആൻ വിശേഷിപ്പിച്ചു. യുദ്ധവേളയിൽ പോലും നിരപരാധികളെ കൊല്ലുകയോ പച്ചപ്പുകൾ ഒന്നുംതന്നെ വെട്ടിക്കളയുകയോ അരുതെന്ന് കർശനമായി കൽപിച്ചു.

ഭൂമിയിൽ ഊർജത്തിന്റെ പ്രഭവകേന്ദ്രം സൂര്യനാണ്. സൂര്യൻ പുറത്തുവിടുന്ന വെളിച്ചവും ചൂടുമാണ് ഭൗമജീവിതത്തെ താങ്ങിനിർത്തുന്നത്. അത് ഊർജം പ്രസരിപ്പിക്കുന്നു. ഋതുക്കൾക്കും ദിനരാത്രങ്ങൾക്കും കാരണമാകുന്നു. സൂര്യചന്ദ്രന്മാർ വേലിയേറ്റവും വേലിയിറക്കവുമുണ്ടാക്കുന്നു. ജീവന് സുപ്രധാനമായ അന്തരീക്ഷമാറ്റങ്ങൾ സൃഷ്ടിക്കുന്നു. 14:33-ൽ ഇതിനെക്കുറിച്ചാണ് ഖുർആൻ പറയുന്നത്. സൂര്യനെ വിളക്ക് (*സിറാജ്*) എന്നും ചന്ദ്രനെ വെളിച്ചം (*നൂർ*) എന്നും ഖുർആൻ വിശേഷിപ്പിച്ചതായികാണാം.

വെള്ളം ജീവന്റെ ലക്ഷണവും ഉത്ഭവവുമാണ്. ജീവൻ ഉണ്ടായത് ജലത്തിൽനിന്നാണെന്ന് ശാസ്ത്രം അഭിപ്രായപ്പെടുന്നു. പ്രോട്ടോപ്ലാസത്തിന്റെ 80-85 ശതമാനവും ജലമാണ്. സകല ജീവജാലങ്ങളെയും ജലത്തിൽനിന്ന് സൃഷ്ടിച്ചു എന്നാണ് ഖുർആൻ പറയുന്നത് (21:30).

ജലചംക്രമണവ്യവസ്ഥയിലെ വിവിധ ഘട്ടങ്ങളെ സൂചിപ്പിക്കുന്നുണ്ട് ഖുർആൻ: "തന്റെ അനുഗ്രഹത്തിനു മുന്നോടിയായി കാറ്റുകളെ ശുഭവാർത്തയുമായി അയച്ചവനും അവൻ തന്നെയാകുന്നു. പിന്നെ വിണ്ണിൽനിന്ന് ശുദ്ധജലമിറക്കുന്നു. മൃതദേശങ്ങളെ അതുവഴി സജീവമാക്കുന്നതിനും തന്റെ സൃഷ്ടികളിൽ ധാരാളം മൃഗങ്ങളെയും മനുഷ്യരെയും കുടിപ്പിക്കുന്നതിനുംവേണ്ടി. അവർ ഉദ്ബുദ്ധരാകുന്നതിനുവേണ്ടി നാം ഈ പ്രക്രിയ പലവട്ടം അവർക്കു മുമ്പിൽ അവതരിപ്പിക്കുന്നു. എന്നാൽ, അധികപേരും നിഷേധവും കൃതഘ്നതയുമല്ലാത്ത മറ്റൊരു നിലപാട് സ്വീകരിക്കാൻ വിസമ്മതിക്കുന്നു" (25:48-50).

ജലചംക്രമണവ്യവസ്ഥ കൃഷിക്ക് ആധാരമായി വർത്തിക്കുന്നുവെന്നും ഖുർആൻ ലളിതമായി വിശദീകരിക്കുന്നു: "കാണുന്നില്ലേ നിങ്ങൾ; അല്ലാഹു ആകാശത്തുനിന്ന് ജലം വർഷിച്ചതും എന്നിട്ടതിനെ നീരൊഴുക്കുകളായി ഭൂമിയിലൊഴുക്കിയതും? പിന്നെ ആ ജലം മുഖേന വിവിധ വർഗങ്ങളിലുള്ള പല പല വിളകളുൽപ്പാദിപ്പിക്കുന്നു...." (39:21). ".... ഈത്തപ്പനയുടെയും മുന്തിരിയുടെയും ധാരാളം തോപ്പുകളുണ്ടാക്കി അതിൽ എത്രയോ ഉറവകൾ പ്രവഹിപ്പിച്ച" (36:34) ദൈവത്തോടു മനുഷ്യൻ നന്ദികേട് കാണിക്കുന്നുവെന്നും ഖുർആൻ ചൂണ്ടിക്കാണിക്കുന്നു. വർഷമേഘങ്ങളെ പേറിയെത്തുന്ന കാറ്റിനെപ്പറ്റി 45:5-ൽ പറയുന്നുണ്ട്: "രാപ്പകൽവ്യത്യാസത്തിലും അല്ലാഹു ആകാശത്തുനിന്ന് വർഷിക്കുന്ന വിഭവത്തിലും (ദൃഷ്ടാന്തങ്ങളുണ്ട്). നിർജീവമായിക്കിടന്ന ഭൂമിയെ അതുവഴി അവൻ സജീവമാക്കുന്നു. കാറ്റുകളുടെ കറക്കത്തിലും, ബുദ്ധിയുപയോഗിക്കുന്ന ജനത്തിന് നിരവധി ദൃഷ്ടാന്തങ്ങളുണ്ട്....".

ജല ആവാസവ്യവസ്ഥയെക്കുറിച്ച് ഖുർആനിൽ ധാരാളം പരാമർശങ്ങൾ കാണാം. വൻനദികൾ സമുദ്രത്തിൽ ചേരുന്ന അഴിമുഖപ്രദേശങ്ങളിലും സമുദ്രത്തിൽതന്നെ ചിലേടത്തുള്ള നീരുറവ പ്രദേശങ്ങളിലും ഉപ്പുവെള്ളവും തെളിനീരും കൂടിക്കലരാതെ നിലകൊള്ളുന്ന പ്രതിഭാസത്തെപ്പറ്റി ഇങ്ങനെ പറയുന്നു: "രണ്ട് സാഗരങ്ങളെ കൂട്ടിച്ചേർത്തതും ദൈവംതന്നെ. ഒന്ന് സ്വാദിഷ്ടമായ തെളിനീർ. മറ്റേത് ചവർപ്പുറ്റ ഉപ്പുനീരും. രണ്ടിനുമിടയിൽ, കൂടിക്കലരുന്നത് അസാധ്യമാക്കുന്ന ഒരു മറയുണ്ട്...." (25:53).

ജലം ഗതാഗതത്തിന് ഉപകാരപ്പെടുന്ന കാര്യം പലേടത്തായി പരാമർശിച്ചിരിക്കുന്നു. (ഉദാ: 23:18-22). ജീവവൈവിധ്യം നിറഞ്ഞതും മനുഷ്യർക്ക് ഭക്ഷണത്തിനും അലങ്കാരത്തിനും ഉപകാരപ്പെടുന്നതുമായ ഈ ജലവ്യവസ്ഥയെ 35:12-ലും 55:19-23 ലും ഖുർആൻ എടുത്തുകാട്ടിയിട്ടുണ്ട്. പ്രകൃതിയെക്കുറിച്ചുള്ള അനേകം സൂക്തങ്ങളിൽ അവ മനുഷ്യർക്ക് സ്വാഭാവികമായ പ്രയോജനം നൽകുന്നുവെന്നും അവ വൈജാത്യവും വൈവിധ്യവും ഉൾക്കൊള്ളുന്നുവെന്നും ആവർത്തിച്ചാവർത്തിച്ച് പറയുന്നു.

ജലമലിനീകരണത്തെ ഒരു കുറ്റമെന്നോണമാണ് ഇസ്‌ലാം പരാമർശിക്കുന്നത്. കെട്ടിനിൽക്കുന്ന വെള്ളത്തിൽ മൂത്രമൊഴിക്കുകയോ വസ്ത്രം കഴുകുകയോ ചെയ്യുന്നത് നബി(സ) വിലക്കി. രസത്തിനുവേണ്ടി വേട്ടയാടുന്നതും മൃഗങ്ങളെ പീഡിപ്പിക്കുന്നതും ഗുരുതരമായ പാതകങ്ങളാണ്. മൃഗങ്ങളെ അറുക്കുന്നിടത്തുപോലും കരുണ കാണി

ക്കണമെന്ന് നബി ഉപദേശിച്ചു: കത്തിക്ക് മൂർച്ച വേണം, അറവുമൃഗം കാൺകെ കത്തി അണയ്ക്കരുത്, മറ്റു മൃഗങ്ങൾ കാൺകെ അറുക്കരുത്, അറവുശാലയിലേക്ക് വലിച്ചിഴയ്ക്കരുത്, അറുത്ത ശേഷം പിടയാൻ സമ്മതിക്കാത്ത രൂപത്തിൽ കെട്ടിയിടരുത്.

## പരിസ്ഥിതി അന്യവത്കരിക്കപ്പെടുന്നു

പ്രകൃതിവിരുദ്ധതയിലൂന്നിയ ആധുനിക സാങ്കേതികവിദ്യയിൽ ഇസ്‌ലാമികസമൂഹങ്ങൾ പിറകോട്ടു തള്ളപ്പെട്ടത് സ്വാഭാവികമാണെന്ന് സയ്യിദ് ഹുസൈൻ നസ്‌റിനെപ്പോലുള്ളവർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കാരണം, ഇസ്‌ലാം അടിസ്ഥാനപരമായി മനുഷ്യപ്രകൃതത്തോടും ബാഹ്യപ്രകൃതിയോടും ചേർന്നുനിൽക്കുന്ന മതമാണ്. "ഇസ്‌ലാമിക ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിത്യജീവിതത്തിന്റെ അവിഭാജ്യഘടകമാണ് മനുഷ്യനും പ്രകൃതിപരിസരവുമായുള്ള കൂട്ടുപ്രവർത്തനം. മനുഷ്യന്റെ ആവശ്യങ്ങൾക്കെന്നപേരിൽ പ്രകൃതിവിഭവങ്ങളെ ഏകപക്ഷീയമായി ഊറ്റിയെടുക്കുന്നതോ ആക്രമണോത്സുകതയോടെ നശിപ്പിക്കുന്നതോ അവിടെ കാണാനാവില്ല". മാത്രമല്ല, "പുറത്തുനിന്ന് ഹിംസാത്മകമായ ഇടപെടലുണ്ടായിരുന്നില്ലെങ്കിൽ മനുഷ്യനെയും പരിസ്ഥിതിയെയും ഇണക്കിക്കൊണ്ടുള്ള വ്യവസ്ഥിതി ഇസ്‌ലാമികലോകത്ത് അനന്തമായി തുടരുമായിരുന്നു എന്നാണ് തോന്നുന്നത്" (നസ്‌ർ- *ഇസ്‌ലാമിക് സയൻസ്*).

**ഖുർആനിൽനിന്ന് പോഷണം ലഭിച്ച മനസ്സിന്, പ്രകൃതിയെന്നത് കീഴടക്കേണ്ട ഒരു എതിരാളിയല്ല, മറിച്ച് മനുഷ്യജീവിതത്തിന്റെ പുണ്യങ്ങളിൽ പങ്കാളിയായ ഒരു ജൈവ സാന്നിധ്യമാണ്**

ഇത് ശരിയാണെങ്കിലും ആധുനികലോകത്തിന്റെ പരിസ്ഥിതിപ്രശ്നങ്ങൾക്കുള്ള ഇസ്‌ലാമികപരിഹാരം എന്തെന്നതിനെപ്പറ്റി പഠനങ്ങൾ നടക്കേണ്ടതായിട്ടാണിരിക്കുന്നത്.

മനുഷ്യരാശിക്കുമേൽ പരിസ്ഥിതിദൂഷണമെന്ന മഹാമാരി അടിച്ചേൽപിച്ചത് പാശ്ചാത്യഭൗതികസംസ്കാരവും അതിന്റെ ഉൽപന്നമായ വ്യാവസായികസംസ്കാരവുമാണ്. ഇന്ന്, പക്ഷേ, പരിസ്ഥിതിത്തകർച്ച പാശ്ചാത്യനാടുകളിൽ മാത്രമല്ല മുസ്‌ലിം രാജ്യങ്ങളിലുമുണ്ട് എന്നതാണ് വാസ്തവം. 18-ാം നൂറ്റാണ്ടിൽ ലോകത്ത് സ്വാധീനമുറപ്പിച്ച പാശ്ചാത്യനാഗരികതയുടെ കടന്നുകയറ്റത്തിൽ ഇസ്‌ലാമികസംസ്കൃതിയുടെ അടിവേരുകൾ വരെ ദ്രവിച്ചു. ഇന്ന് കയ്റോ മുതൽ തെഹ്റാൻ വരെ വായുമലിനീകരണം രൂക്ഷമാണ്. യമനിലെ കുന്നുകളെല്ലാം മണ്ണൊലിപ്പുഭീഷണിയിൽ; മലേഷ്യയിലെയും ബംഗ്ലാദേശിലെയും ഇന്തോനേഷ്യയിലെയും കാടുകൾ നാശഭീഷണിയിൽ. ഖുർആനികമായ പരിസ്ഥിതിവീക്ഷണത്തിന്റെ യാതൊരു ലക്ഷണവും 'മുസ്‌ലിം' പ്രദേശങ്ങളിൽ ദൃശ്യമല്ല. ജപ്പാനിലെ ബുദ്ധമതദർശനത്തിലും ചൈനയിലെ താവോ ദർശനത്തിലും ഇന്ത്യയിലെ ഹൈന്ദവദർശനത്തിലുമെല്ലാം പരിസ്ഥിതിയെപ്പറ്റിയുള്ള വിശുദ്ധ പരികൽപനകൾ പാശ്ചാത്യ സാങ്കേതികവിദ്യക്കും ഭൗതികാർത്തിക്കും വഴിമാറിയതുപോലെ ഖുർആന്റെ പരിസ്ഥിതി ദർശനവും ഇന്ന് അതേ മൂടുപടത്തിനുള്ളിൽ പെട്ട് കാണാതായിരിക്കുന്നു. എങ്കിൽ പോലും, പാശ്ചാത്യ യന്ത്രവത്കരണത്തിന് പാടേ വഴിപ്പെടാൻ ഇത്തരം സമൂഹങ്ങൾ ഇന്നും തയാറായിട്ടില്ല.

## പ്രാതിനിധ്യവും അമാനത്തും

പരിസ്ഥിതിദർശനത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ രണ്ടാണ്: പരിസ്ഥിതിയും ജൈവലോകവും ജീവനുമെല്ലാം സ്രഷ്ടാവ് മനുഷ്യനെ ശരിയായി ഉപയോഗിക്കാൻ ഏൽപിച്ച സൂക്ഷിപ്പുസ്വത്താണ്, മനുഷ്യൻ കൈകാര്യകർത്താവും ദൈവത്തിന്റെ പ്രതിനിധിയുമാണ് എന്നിവയാണത്. പരിസ്ഥിതി ദൂഷണത്തിന്റെ മുഖ്യകാരണങ്ങൾ ഇത് മറന്നുള്ള ആർത്തിയും അഹങ്കാരവുമാണ്. മനുഷ്യന്റെയും ജീവിവർഗങ്ങളുടെയും ആവശ്യങ്ങൾ നിവർത്തിക്കാൻ വേണ്ടതെല്ലാം സംവിധാനിച്ചിട്ടുണ്ടെന്ന് അല്ലാഹു പറയുന്നു. പക്ഷേ, ആർത്തിമൂലം അമിതമായി ചൂഷണം ചെയ്യുന്നത് പരിസ്ഥിതി എന്ന പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലുന്നതിനു സമമാകും. ഉപഭോഗത്തിനും ഊർജാവശ്യങ്ങൾക്കും പ്രകൃതിയെ ഉപയോഗപ്പെടുത്താം, പക്ഷേ അമിത ചൂഷണം പാടില്ല.

അഹങ്കാരമാണ് പരിസ്ഥിതിത്തകർച്ചയുടെ മറ്റൊരു കാരണം. വ്യക്തികളോ സ്ഥാപനങ്ങളോ രാഷ്ട്രങ്ങളോ തങ്ങൾ എന്തിനും പോന്നവരാണെന്നും തങ്ങൾക്ക് മറ്റാരെയും ആശ്രയിക്കേണ്ടതില്ലെന്നും കരുതിയാൽ അതോടെ പരിസരദൂഷണത്തിന് അരങ്ങൊരുങ്ങുകയായി. കാരണം, പരിസ്ഥിതി എന്നത് അടിസ്ഥാനപരമായി പരസ്പരാശ്രിതത്വത്തിന്റെ ശൃംഖലയാണ്. ഒരു കമാനത്തിലെ ഏറ്റവും ചെറിയ കല്ലുനീങ്ങിപ്പോയാൽ കമാനം തകരുമെന്നപോലെ, അന്യോന്യാശ്രിതത്വത്തിന്റേതായ പരിസ്ഥിതിവ്യവസ്ഥയിൽ ചെറിയ തെറ്റുകൾ പോലും വ്യവസ്ഥയെ ഒട്ടാകെ ബാധിക്കും. പുൽത്തകിടിയിൽ വീഴുന്ന രാസവിഷം പോലും ഭക്ഷ്യശൃംഖല വഴി മനുഷ്യസമൂഹങ്ങളെ ബാധിക്കും. അമിതോൽപാദനത്തിനുവേണ്ടി ഡി.ഡി.ടി ഉപയോഗിച്ച് പരിസ്ഥിതിത്തകർച്ച വരുത്തിയതിന്റെ ദാരുണചരിത്രം റേയ്ച്ചൽ കാർസൺ *മൂകവസന്തം* എന്ന പ്രസിദ്ധകൃതിയിൽ വരച്ചുകാട്ടി. അനാവശ്യമായി ജീവൻ നശിപ്പിക്കരുതെന്ന ഇസ്‌ലാമിന്റെ കൽപന പരിസ്ഥിതിസംരക്ഷണത്തിനുള്ള ആദ്യപാഠം കൂടിയാണ്. ഭൂമിയുടെ ഏതെങ്കിലും ഭാഗത്ത് അനാവശ്യമായി ഹിംസ നടത്തിയാൽ മറ്റു ഭാഗങ്ങളിൽ പക്ഷികളും മൃഗങ്ങളും കുറ്റിയറ്റുപോകുന്നു. അത്രകണ്ട് പരസ്പരനിബദ്ധമാണ് ഭൂമിയെന്ന ആവാസവ്യവസ്ഥയെന്ന് കാർസണും മറ്റും സമർഥിച്ചിട്ടുണ്ട്.

ഇസ്‌ലാമിനെ പ്രകൃതിമതമായിട്ടാണ് (*അദ്ദീനുൽ ഹനീഫ്, ദീനുൽ ഫിത്വ്‌റ*) ഖുർആൻ പരിചയപ്പെടുത്തുന്നത്. പ്രപഞ്ചപ്രകൃതിയിലേക്കും മനുഷ്യപ്രകൃതത്തിലേക്കും അത് നിരന്തരം ശ്രദ്ധക്ഷണിക്കുന്നു. പ്രകൃതിപ്രതിഭാസങ്ങൾ ദൈവിക ചിഹ്നങ്ങളാണ്. ഒരർഥത്തിൽ, ഖുർആനികവെളിപാടിൽ പ്രകൃതിയും പങ്കെടുക്കുന്നു. മനുഷ്യരെയെന്നപോലെ പ്രകൃതിവസ്തുക്കളെയും സസ്യങ്ങളെയും ജന്തുക്കളെയും കീടങ്ങളെയും സൂര്യചന്ദ്രതാരങ്ങളെയും അത് നിരന്തരം ചൂണ്ടിക്കാണിക്കുന്നു- അവയെ കാണിച്ച് ദൈവികപദ്ധതി സാക്ഷ്യപ്പെടുത്തുന്നു. ഖുർആനിൽനിന്ന് പോഷണം ലഭിച്ച മനസ്സിന്, പ്രകൃതിയെന്നത് കീഴടക്കേണ്ട ഒരു എതിരാളിയല്ല, മറിച്ച് മനുഷ്യജീവിതത്തിന്റെ പുണ്യങ്ങളിൽ പങ്കാളിയായ ഒരു ജൈവ സാന്നിധ്യമാണ്.

പ്രപഞ്ചം തന്നെ *ആയത്താണ്*; വെളിപാടാണ്; മറ്റൊരു ഖുർആനാണ്. പ്രാപഞ്ചിക ഖുർആനും (*അൽ ഖുർആനുത്തക്‌വീനി*) സാക്ഷാൽ ഖുർആനും (*അൽ ഖുർആനുത്തദ്‌വീനി*) പരസ്പരപൂരകങ്ങളാണ്. ദൈവത്തെ ഒരേസമയം മറയ്ക്കുകയും വെളിപ്പെടുത്തുകയും ചെയ്യുന്നു പ്രകൃതി. പ്രകൃതിരൂപങ്ങൾ ദൈവികഗുണങ്ങളെ സാക്ഷ്യപ്പെടുത്തുന്ന 'പള്ളികളാ'ണ്. ഒരർഥത്തിൽ ദൈവം തന്നെയത്രെ മനുഷ്യനെ ചൂഴ്ന്നുനിൽക്കുന്ന ആത്യന്തികമായ 'പരിസ്ഥിതി'. അല്ലാഹു

സർവതിനെയും ഉൾക്കൊള്ളുന്നവൻ (*മുഹീത്*) ആണ്. "ആകാശങ്ങളിലും ഭൂമിയിലുമുള്ള സകലതും അല്ലാഹുവിന്റേതാണ്; എല്ലാറ്റിനെയും ഉൾക്കൊള്ളുന്നവനാണവൻ" (4:126) ഇവിടെ ഉപയോഗിച്ച *മുഹീത്* എന്ന പദം പരിസ്ഥിതി എന്ന അർഥത്തിലും അറബിഭാഷയിൽ ഉപയോഗിക്കാറുണ്ട്. പരിസ്ഥിതി വിനാശത്തിന്റെ തുടക്കംതന്നെ അതിനെ ദൈവികവ്യവസ്ഥിതിയിൽനിന്ന് വേറിട്ടുള്ള ഒരു സ്വതന്ത്രവ്യവസ്ഥിതിയായി കണ്ടതാണ്. പ്രകൃതിയുടെ പുണ്യഭാവം മറക്കുകയും പ്രകൃതിപ്രതിഭാസങ്ങളുടെ ദൈവികചിഹ്നങ്ങൾ (ആയാത്ത്) എന്ന പദവി അവഗണിക്കുകയും ചെയ്തു മനുഷ്യൻ. ദൃശ്യമായ മനുഷ്യപ്രപഞ്ചപരിസ്ഥിതിയും അദൃശ്യമായ ദൈവികപരിസ്ഥിതിയും (*ആലമുൽ ഗൈബി വശ്ശഹാദ*) പാടേ വേറിട്ടുനിൽക്കുന്നവയല്ല. ദൃശ്യലോകം അദൃശ്യലോകത്തിന്റെ അടയാളങ്ങളാണ്. ദൈവികപരിസ്ഥിതി പ്രപഞ്ച-മനുഷ്യപരിസ്ഥിതിയുടെ പ്രഭവകേന്ദ്രവും (*അൽമബ്ദ*) അന്തിമലക്ഷ്യവും (*അൽമആദ്*) ആണ്.

പ്രകൃതിപരവും പ്രകൃത്യാതീതവുമെന്ന് പാശ്ചാത്യദൈവശാസ്ത്രം രണ്ടായി പറയുന്ന യാഥാർഥ്യങ്ങൾ തമ്മിൽ ഒരു വേർതിരിവും കാണിക്കാതെ അറബി, പേർഷ്യൻ, തുർക്കി, മലായ്, സ്വാഹിലി, മാപ്പിള സാഹിത്യങ്ങളിൽ ആവിഷ്കരിച്ചു കാണാം. പ്രസിദ്ധ സൂഫീകവിയായ സഅ്ദിയുടെ ഒരു ശകലം കാണുക:

*പ്രപഞ്ചമെന്നിൽ ആനന്ദം നിറയ്ക്കുന്നു; കാരണം*
*പ്രപഞ്ചത്തിന് ആനന്ദം കിട്ടിയതവനിൽനിന്നല്ലോ.*
*ലോകത്തെ മുഴുവൻ ഞാനിഷ്ടപ്പെടുന്നു; കാരണം*
*ലോകം അവന്റേതല്ലോ.*

ഖുർആൻ പറയുന്നു: "അവന് സ്തോത്രം ചെയ്യാത്തതായി ഒന്നുമില്ല" (17:44). ഇസ്‌ലാമികസമൂഹങ്ങൾ പരമ്പരാഗതമായിത്തന്നെ പരിസ്ഥിതിയോട് തികഞ്ഞ ഇണക്കത്തോടെയാണ് കഴിഞ്ഞുവന്നിട്ടുള്ളത്. ഇത് മറ്റു ചിലരിൽ കണ്ടുവന്നിട്ടുള്ള പ്രകൃതിവാദമോ പ്രകൃതിപൂജയോ അല്ലതാനും. പ്രപഞ്ചമാകെ ദൈവത്തിന്റെ ചിഹ്നങ്ങളാണ്; ദൈവമല്ല. "എവിടെയൊക്കെ നിങ്ങൾ തിരിഞ്ഞാലും അവിടെയൊക്കെ ദൈവത്തിന്റെ മുഖമുണ്ട്" (2:115).

## അല്ലാഹുവിന്റെ ഖലീഫ

ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധി(*ഖലീഫ*) എന്നതാണ് മനുഷ്യന്റെ സ്ഥാനം (ഖുർആൻ: 2:30). മാത്രമല്ല, അല്ലാഹുവിന്റെ ദാസനുമാണ് അവൻ. ദൈവദാസനെന്ന നിലയ്ക്ക് മനുഷ്യൻ ദിവ്യാനുഗ്രഹങ്ങൾ വണക്കത്തോടെ ഏറ്റുവാങ്ങുന്നു. ദൈവത്തിന്റെ പ്രതിനിധിയെന്ന നിലയ്ക്ക് അവൻ പ്രാപഞ്ചികസന്തുലനത്തെ സക്രിയമായി നിലനിർത്തുകയും മറ്റെല്ലാ ജീവികളിലേക്കും ദൈവികാനുഗ്രഹങ്ങളും കാരുണ്യവും എത്തിക്കുകയും ചെയ്യുന്നു. സൃഷ്ടികളിൽവച്ച് ഏറ്റവും ശ്രേഷ്ഠനാണ് മനുഷ്യൻ. ദൈവത്തിന്റെ ഇഛ പ്രപഞ്ചത്തിൽ ആവിഷ്കരിക്കുന്ന ഉപാധിയാണവൻ. അതേസമയം, നന്മതിന്മകൾ വേറിട്ടറിഞ്ഞ്, അവയിലൊന്ന് തെരഞ്ഞെടുക്കാനുള്ള ബുദ്ധി അവനു നൽകിയിട്ടുണ്ട്. മറ്റെല്ലാ ജീവികൾക്കും ഭൗതികപരിസ്ഥിതിക്കും മേൽ നേതൃത്വം സ്ഥാപിക്കുമ്പോഴും അവയുടെ തനിമയും ഭദ്രതയും നിലനിർത്തേണ്ട ബാധ്യത അവന്നുണ്ട്. കാരണം അവൻ അല്ലാഹുവിന്റെ ഖലീഫയാണ്, ഭൂമിയിൽ.

പ്രപഞ്ചം മുഴുവൻ അല്ലാഹുവിന്റെ ഇഛയുടെ വെളിപാടാണ്. ആകാശഭൂമികളുടെ സൃഷ്ടിയിലും ദിനരാത്രങ്ങളുടെ മാറിവരലിലും സസ്യജന്തുവൈജാത്യത്തിലുമെല്ലാം ദൈവേഛ വെളിപ്പെടുത്തുന്നതായി ഖുർആൻ ചൂണ്ടിക്കാട്ടുന്നു.

പ്രപഞ്ചസൃഷ്ടിപ്പിന്റെ അടിസ്ഥാനഭാവം അതിലന്തർഭവിച്ചുകിടക്കുന്ന നന്മയും മികവും മനോഹാരിതയും ചേർച്ചയും ചിട്ടയുമാണ്. എല്ലാംതന്നെ മനുഷ്യനുവേണ്ടി സൃഷ്ടിച്ചിരിക്കുന്നു. മനുഷ്യൻ അല്ലാഹുവിൽനിന്ന് ഏറ്റെടുത്ത പ്രാതിനിധ്യം നിറവേറ്റുന്നതിന് അവനെ സഹായിക്കുന്ന പരിസ്ഥിതിയാണവ. ആ പരിസ്ഥിതി മനുഷ്യനു വേണ്ടിയുള്ളതാണ് എന്നതുപോലെത്തന്നെ, അത് ഉപയോഗപ്പെടുത്തുന്നതിൽ ദൈവദത്തമായ ഉപാധികളും അതിരുകളും പാലിക്കേണ്ട ധാർമികബാധ്യത അവന്നുണ്ട്.

സ്രഷ്ടാവും ഉടമസ്ഥനും ദൈവമാണ്. മനുഷ്യൻ കൈകാര്യകർത്താവും. മുസ്‌ലിം-അമുസ്‌ലിംഭേദമില്ലാതെ, ദൈവവിശ്വാസിയെന്നോ ദൈവധിക്കാരിയെന്നോ വേർതിരിവില്ലാതെ മനുഷ്യസമൂഹത്തിനു മുഴുവൻ പ്രകൃതിവിഭവങ്ങളിൽ പൊതു അവകാശമാണുള്ളത്. (മുഹമ്മദ്നബി(സ) അറേബ്യയിലെ മേച്ചിൽപ്പുറങ്ങളും കാടുകളും ജലസമ്പത്തും ദേശസാൽക്കരിക്കുകയാണ് ചെയ്തത്).

പ്രകൃതിയുമായി രഞ്ജിപ്പോടെയും ശാന്തിയിലും കഴിയുകയും ദൈവത്തിന്റെ ധാർമികനിയമങ്ങൾക്കനുസൃതമായി അതിനെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നവർ അല്ലാഹുവിന്റെ സഹായികളാണ്. മനുഷ്യനെ അല്ലാഹു ഏൽപിച്ച 'അമാനത്താ'ണ് പരിസ്ഥിതി. അവനെ പരിസ്ഥിതിയുടെ അധിപനാക്കിയത് അതിന്റെ സൂക്ഷിപ്പുകാരനെന്ന ബാധ്യത നിറവേറ്റുന്നതിനാണ്. മറ്റേതു മതപരമായ ബാധ്യതയെയും പോലെ ഇതും പവിത്രമാണ്; ധാർമികപരീക്ഷയാണ്. അല്ലാഹുവിന്റെ ഖലീഫ എന്ന മനുഷ്യന്റെ പദവിയും മനുഷ്യനെ ഏൽപിച്ച സൂക്ഷിപ്പുമുതൽ എന്ന പ്രകൃതിയുടെ സ്ഥാനവും ഖുർആന്റെ പരിസ്ഥിതിദർശനത്തിന്റെ കേന്ദ്രബിന്ദുവാണ്. ദൈവം എപ്രകാരമാണോ ലോകത്തെ നിലനിർത്തുകയും പരിപാലിക്കുകയും ചെയ്യുന്നത്, അതേപോലെ അവന്റെ പ്രതിനിധിയും പ്രകൃതിപരിസരമെന്ന സൂക്ഷിപ്പുമുതൽ കൈകാര്യം ചെയ്യേണ്ടതുണ്ട്.

ദൈവത്തിന്റെ പ്രതിനിധിയെന്ന നിലയ്ക്ക് ലഭിച്ച ശക്തിയും അധികാരവും ദിവ്യദൗത്യം മറന്നുകൊണ്ട് പ്രയോഗിക്കുമ്പോഴാണ് പരിസ്ഥിതിത്തകർച്ച സംഭവിക്കുക. ദൈവദാസൻ എന്ന പദവി മറന്നുപോയ ദൈവപ്രതിനിധിയോളം വിനാശകാരിയായ മറ്റൊരു ജീവി ലോകത്തില്ല. അതുകൊണ്ടാണ് ശരീഅത്തിൽ ഇതര മനുഷ്യരോടെന്നപോലെ ഇതര ജീവികളോടും പരിസ്ഥിതിയോടും എങ്ങനെ പെരുമാറണമെന്ന സൂചനകളുള്ളത്. പട്ടിണിക്കാരെ ഊട്ടണമെന്ന പോലെത്തന്നെ, ഒഴുക്കുവെള്ളം ദുഷിപ്പിക്കരുതെന്നും വിശ്വാസിയോട് കൽപിച്ചിരിക്കുന്നു. സ്വന്തം മാതാപിതാക്കളോട് കരുണകാണിക്കുന്നതുപോലെ, സസ്യങ്ങളോടും മൃഗങ്ങളോടും കരുണ കാണിക്കുന്നത് ദൈവം ഇഷ്ടപ്പെടുന്നു.

പരിസ്ഥിതിവിഭവങ്ങൾ വ്യവസ്ഥാപിതമായും ആസൂത്രിതമായും സംരക്ഷിക്കുന്നതിന്റെ പ്രാധാന്യത്തിലേക്ക് പലപ്പോഴായി ഖുർആൻ ശ്രദ്ധക്ഷണിച്ചതായി കാണാം. പരിസ്ഥിതിക്കു മേൽ മനുഷ്യൻ നടത്തുന്ന കൈയേറ്റത്തെ ഖുർആൻ ശക്തമായി അധിക്ഷേപിക്കുകയും ചെയ്യുന്നു: "മനുഷ്യന്റെ കരങ്ങൾ ചെയ്തുകൂട്ടിയ കാര്യങ്ങൾ മൂലം കരയിലും കടലിലും കുഴപ്പമുണ്ടായി" എന്ന വചനത്തോട് വിയോജിക്കാൻ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ജീവിക്കുന്ന ഒരു മനുഷ്യനും സാധിക്കുകയില്ലല്ലോ. പരിസ്ഥിതിദൂഷണം മൂലം കാലാവസ്ഥയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റം ലോകമെങ്ങും കാണുന്നു. ഇന്ത്യയിൽ 1996-'97-ലെ കണക്കനുസരിച്ച് ഗ്രാമീണരിൽ പകുതിയോളം പേർക്ക് ശുദ്ധമായ കുടിവെള്ളം പോലും ലഭ്യമല്ല. കേരളത്തിലാകട്ടെ, ശുദ്ധജലം കാണെക്കാണെ കുറഞ്ഞുവരികയാണ്. ജീവിതത്തിന്റെ നാനാതുറകളിലും ഇതേ ദുഷിപ്പ് കാണുന്നു. അതാകട്ടെ ഭൗതികരംഗത്ത് മാത്രമല്ല, ധാർമിക-ആത്മീയരംഗത്തും കാണാം. ഭൗതികതയെയും ആത്മീയതയെയും വേറിട്ടുകാണാത്ത ഒരു സമഗ്രദർശനത്തിലേക്കുള്ള തിരിഞ്ഞുനടത്തമാണ് ഇന്നാവശ്യം. ■